"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.സി.ഡി.എൻ 1/18/2023-പൊ.ഭ.വ(പാർട്ട് 8)
പൊതുഭരണ (ഏകോപനം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 16-01-2025

സർക്കുലർ

വിഷയം:- പൊതു ഭരണ വകുപ്പ് - ബഹു.സുപ്രീം കോടതി വിധി അനുസരിച്ച് സർക്കാരിനുകീഴിൽ വരുന്ന എല്ലാ വകുപ്പുകളിലും, സ്ഥാപനങ്ങളിലും RTI Online Portal നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) സ.ഉ.(കൈ) നം. 94/2023/പൊ.ഭ.വ തീയതി 19/06/2023
2) സർക്കുലർ നം. സി.ഡി.എൻ 1/18/2023-പൊ.ഭ.വ തീയതി 19/04/2024
3) സർക്കുലർ നം. സി.ഡി.എൻ1/18/2023-പൊ.ഭ.വ (പാർട്ട്-8) തീയതി 25/09/2024.
4) സർക്കുലർ നം. സി.ഡി.എൻ1/18/2023-പൊ.ഭ.വ (പാർട്ട്-2) തീയതി 06/12/2024.
5) സർക്കുലർ നം. സി.ഡി.എൻ5/119/2024-പൊ.ഭ.വ തീയതി 11/12/2024.

ബഹു.സുപ്രീംകോടതിയുടെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിൻറെ കീഴിലുള്ളതും വിവരാവകാശ നിയമം 2005-ന്റെ പരിധിയിൽ വരുന്നതുമായ എല്ലാ സ്ഥാപനങ്ങളിലും RTI Portal നടപ്പിലാക്കേണ്ടതായുണ്ട്. പ്രസ്തുത കോടതി ഉത്തരവ് വന്നിട്ട് ഏകദേശം ഒന്നര വർഷത്തിലേറെ ആയിട്ടും പല റീജിയണൽ/ജില്ലാ/സബ് ഓഫീസുകളിലും RTI Portal നടപ്പിലാക്കിയിട്ടില്ല.

2. RTI പോർട്ടൽ നടപ്പിലാക്കിയിട്ടുള്ള ഓരോ വകുപ്പിന്റെയും/സ്ഥാപനത്തിന്റെയും കീഴിലുള്ള റീജിയണൽ/ജില്ലാ/സബ് ഓഫീസുകളിലേക്ക് RTI പോർട്ടൽ വഴി നേരിട്ട് വിവരാവകാശ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സംവിധാനം RTI പോർട്ടലിന്റെ പുതിയ വേർഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനായി ഓരോ വകുപ്പിന്റെ/സ്ഥാപനത്തിന്റെയും നോഡൽ ഓഫീസർക്ക് കീഴിലുള്ള റീജിയണൽ/ജില്ലാ/സബ് ഓഫീസുകളിലേയ്ക്ക് RTI പോർട്ടൽ വഴി നേരിട്ട് വിവരാവകാശ അപേക്ഷകൾ അയയ്ക്കുന്നതിനായി ഓർഗനൈസേഷൻ നോഡൽ ഓഫീസറെ കൂടി നിയോഗിക്കുന്നതിനുള്ള സംവിധാനം RTI പോർട്ടലിൽ നിലവിൽ വന്നിട്ടുണ്ട്. വകുപ്പുതല നോഡൽ ഓഫീസർമാർക്ക് താഴെ ഓർഗനൈസേഷണൽ നോഡൽ ഓഫീസ്സർമാരെ നിയമിച്ച് ഓരോ വകുപ്പിന്റെയും/സ്ഥാപനത്തിന്റെയും കീഴിലുള്ള റീജിയണൽ/ജില്ലാ/സബ് ഓഫീസുകളിലേക്ക് RTI പോർട്ടൽ അടിയന്തിരമായി നടപ്പിലാക്കാൻ സൂചന 5 പ്രകാരം എല്ലാ വകുപ്പ് തലവൻമാർക്കും നിർദേശം നൽകിയിരുന്നു. എന്നാൽ പല വകുപ്പുകളും /സ്ഥാപനങ്ങളും അതിന് കീഴിലുള്ള റീജിയണൽ/ജില്ലാ/സബ് ഓഫീസുകളെ RTI പോർട്ടലിൽ ചേർത്തിട്ടില്ല. ഓൺലൈൻ ആയി വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷകൾക്ക് മറുപടി നൽകുവാനുള്ള സൗകര്യം എല്ലാ വകുപ്പുകളും ഒരുക്കണം എന്നത് ബഹു.സുപ്രീം കോടതിയുടെ വിധിയാണ്. അപ്രകാരം ഉള്ള സൗകര്യം ഏതെങ്കിലും വകുപ്പ്/ സ്ഥാപനം ഒരുക്കുന്നില്ലെങ്കിൽ ആ വകുപ്പ്/സ്ഥാപന മേധാവി കോടതി വിധിയുടെ ലംഘനമാണ് നടത്തുന്നത്. അത്തരത്തിലുള്ള പ്രത്യാഘാതങ്ങളുടെ പൂർണ്ണമായ ഉത്തരവാദിത്തം ആ വകുപ്പ്/സ്ഥാപന മേധാവിക്ക് ആയിരിക്കും.

3. RTI പോർട്ടലിൽ ഓർഗനൈസേഷൻ നോഡൽ ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിച്ചുകൊണ്ടും പോർട്ടൽ വഴി ലഭിക്കുന്ന വിവരാവകാശ അപേക്ഷകൾ എപ്രകാരമാണ് പ്രോസസ് ചെയ്യേണ്ടത് എന്നത് സംബന്ധിച്ച വിശദവിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുമുള്ള വീഡിയോ ട്യൂട്ടോറിയലുകൾ പോർട്ടലിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ RTI പോർട്ടൽ വഴി ലഭിക്കുന്ന വിവരാവകാശ അപേക്ഷകൾ പ്രോസസ് ചെയ്യുന്നതിനായുള്ള മാർഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തികൊണ്ടും, RTI പോർട്ടലിൽ ഓർഗനൈസേഷൻ നോഡൽ ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിച്ചുകൊണ്ടും സൂചന പ്രകാരം സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുടെയും/സ്ഥാപനങ്ങളുടെയും നോഡൽ ഓഫീസർമാർ ഈ വീഡിയോ ട്യൂട്ടോറിയൽ കണ്ടും സർക്കുലറുകൾ വ്യക്തമായി വായിച്ചു മനസിലാക്കിയും എല്ലാ വകുപ്പുകൾക്കും/സ്ഥാപനങ്ങൾക്കും കീഴിലുള്ള റീജിയണൽ/ജില്ലാ/സബ് ഓഫീസുകളിൽ RTI പോർട്ടലിൽ ഓർഗനൈസേഷണൽ നോഡൽ ഓഫീസർമാരെ അടിയന്തിരമായി ചേർക്കേണ്ടതും സൂചന സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
എല്ലാ വകുപ്പ് തലവന്മാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ
സെക്രട്ടറി, കേരള നിയമസഭ സെക്രട്ടേറിയറ്റ്
എല്ലാ പൊതുമേഖല സ്ഥാപന മേധാവികൾക്കും
ചീഫ് സെക്രട്ടറിയുടെ അഡിഷണൽ സെക്രട്ടറിക്ക്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പിന്. (ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 16.01.2025 13:57:25
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ വകുപ്പ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിക്ക്